No.CEE/4050/2016/KEAM-2017/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

# KEAM-2017: അപേക്ഷാ സമർപ്പണം

## അപേക്ഷാർത്ഥികളുടെ ശ്രദ്ധയ്ക്ക്

കേരള എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ / മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് 2017-ലെ പ്രവേശനത്തിനായുള്ള അപേക്ഷകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ 2017 ഫെബ്രുവരി 27-നകം ഓൺലൈനായി സമർപ്പിച്ച ശേഷം അപേക്ഷയുടെ പ്രിന്റൗട്ടും, അനുബന്ധ രേഖകളും 2017 ഫെബ്രുവരി 28-നു മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. അപേക്ഷാ സമർപ്പണവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസിന്റെ തുടക്കത്തിൽ കൊടുത്തിട്ടുള്ളത് അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

'കേരളീയൻ' വിഭാഗത്തിൽപെടുന്ന അപേക്ഷകർ അതു തെളിയിക്കുന്നതിനായി അപേക്ഷകനോ, മാതാപിതാക്കളിൽ ആരെങ്കിലുമോ കേരളത്തിൽ ജനിച്ചതാണെന്ന് തെളിയിക്കുന്ന താഴെപ്പറയുന്ന രേഖകളിൽ ഒന്ന് ഹാജരാക്കിയാൽ മതിയാകും.

(i) അപേക്ഷകന്റെ ജനന സർട്ടിഫിക്കറ്റ്/ജനന സ്ഥലം രേഖപ്പെടുത്തിയ SSLC/ പാസ്പോർട്ട് ഇവയിലൊന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**അല്ലെങ്കിൽ**

(ii) അപേക്ഷകന്റെ മാതാവിന്റെയോ/പിതാവിന്റെയോ ജനനസർട്ടിഫിക്കറ്റ്/ ജനന സ്ഥലം രേഖപ്പെടുത്തിയ SSLC/ പാസ്പോർട്ട് ഇവയിലൊന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, അപേക്ഷകനും രക്ഷകർത്താവും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖയും.

**അല്ലെങ്കിൽ**

(iii) അപേക്ഷകനോ, മാതാപിതാക്കളോ കേരളത്തിൽ ജനിച്ചതാണെന്നു കാണിക്കുന്ന നിശ്ചിത പ്രൊഫോർമയിലുള്ള വില്ലേജ് ഓഫിസിൽ നിന്നുള്ള/ഇ-ഡിസ്ട്രിക്ട് വഴിയുള്ള സർട്ടിഫിക്കറ്റ്.

പ്രോസ്പെക്ടസ് അനക്ഷർ X(a) ൽ കൊടുത്തിട്ടുള്ള സമുദായങ്ങളിൽ ഉൾപ്പെടുന്ന വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപ കവിയാത്തവരും, പ്രവേശനം നേടിയശേഷം ലഭ്യമായേക്കാവുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസിളവുകൾ ആവശ്യമുള്ളവരും (ജനറൽ കാറ്റഗറി ഉൾപ്പെടെ) മാത്രം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മതിയാകും.

**പ്രത്യക ശ്രദ്ധയ്ക്ക്:** പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടും, അനുബന്ധ രേഖകളും സമർപ്പിക്കുമ്പോൾ ആദ്യം അപേക്ഷയുടെ പ്രധാന പേജ്, രണ്ടാമതായി തഹസിൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്, മൂന്നാമതായി SSLC, അതിനുശേഷം മറ്റ് സർട്ടിഫിക്കറ്റുകൾ എന്ന ക്രമത്തിൽ അപേക്ഷ ക്രമീകരിച്ച് അയക്കേണ്ടതാണ്.

തിരുവനന്തപുരം
09.02.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**